**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 378** **09-08-2021 - ൽ മറുപടിയ്ക്ക്**

**ഇംഗ്ലീഷ് ഭാഷാ പഠനം മെച്ചപ്പെടുത്തുന്നതിന് പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ,<br>ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ. കെ. ബാബു (നെന്മാറ),<br>ഡോ സുജിത് വിജയൻപിള്ള | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ സ്കൂളുകളിൽ ഇംഗ്ലീഷ് ഭാഷാ പഠനം മെച്ചപ്പെടുത്തുന്നതിന് പ്രത്യേകമായി ആസൂത്രണം ചെയ്ത പദ്ധതികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ; | (എ) | ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമെന്ന പ്രഖ്യാപിത നിലപാട് യഥാർത്ഥ്യമാക്കാൻ അധ്യാപന ഗുണനിലവാരം ഉയർത്തേണ്ടതിന്റെ പ്രാധാന്യം കണക്കിലെടുത്ത് നിരവധി പ്രവർത്തനങ്ങൾ സമഗ്രശിക്ഷാ കേരളം ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നു. അവയിൽ പ്രധാനപ്പെട്ടവയാണ് ഹലോ ഇംഗ്ലീഷ്, ഹലോ വേൾഡ് എന്നി പദ്ധതികൾ. ഹലോ ഇംഗ്ലീഷ്: ഇംഗ്ലീഷ് ആത്മവിശ്വാസത്തോടെ പറയാനും എഴുതാനും കുട്ടികളെ പ്രാപ്തമാക്കുന്നതിനായി എൽ.പി.,യു.പി.ക്ലാസ്സുകളിൽ നടപ്പിലാക്കിയ പദ്ധതി ജേർണലുകൾ പ്രിന്റ് ചെയ്ത് സ്കൂളുകൾക്ക് നൽകി. അധ്യാപകർക്ക് പരിശീലനം നൽകി. ഹലോ വേൾഡ് : 2020-21 വർഷം കോവിഡ് 19 മൂലം വിദ്യാലയങ്ങൾ അടഞ്ഞുകിടന്നപ്പോൾ ഇംഗ്ലീഷ് ഭാഷാപഠനത്തിനായി എൽ.പി., യു.പി. ക്ലാസ്സുകളിലെ കുട്ടികൾക്കു നൽകിയ ഡിജിറ്റൽ ഇന്ററാക്ടീവ് പഠന പാക്കേജ് ആണിത് . ഇതിന്റെ തുടർ പ്രവർത്തനങ്ങൾ ക്ലാസ്സ്തല വാട്ട്സാപ്പ് ഗ്രൂപ്പുകൾ വഴി അധ്യാപകർ നടത്തുകയും ചെയ്തു. ഇ.ക്യൂബ്: ഡിജിറ്റൽ സാധ്യതകൾ ഉൾപ്പെടുത്തി പഠനം മെച്ചപ്പെടുത്തുന്നതിന് വേണ്ടി ഇ-ക്യൂബ് ഇംഗ്ലീഷ് എന്ന പേരിൽ ഒരു പദ്ധതി കൈറ്റിന്റെ നേതൃത്വത്തിൽ നടപ്പിലാക്കി. ഇംഗ്ലീഷ് കഥകൾ കേൾക്കാനും സംസാരിക്കാനും നിരവധി അവസരങ്ങൾ ഒരുക്കുന്ന തലത്തിലുള്ള പ്രസ്തുത പരിപാടി നടന്നു വരുന്നു. കുട്ടികളുടെ ഇംഗ്ലീഷ് സംസാരിക്കാനുള്ള കഴിവ് മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങളും ഈ പരിപാടിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. |
| (ബി) | ഹൈദരാബാദിലുള്ള സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് | (ബി) | ഹൈദരാബാദിലെ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് |

| | | | |
|---|---|---|---|
| | ഇംഗ്ലീഷ് ആന്റ് ഫോറിൻ ലാംഗ്വേജസിന്റെ മാതൃകയിൽ സംസ്ഥാനത്ത് ഇംഗ്ലീഷ് ഭാഷാ കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ടോ; എങ്കിൽ ഇത്തരം കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിലൂടെ ലക്ഷ്യമിട്ടത് എന്തൊക്കെയെന്നും പ്രസ്തുത കേന്ദ്രങ്ങൾ സ്ഥാപിച്ചത് എവിടെയൊക്കെയെന്നും വ്യക്തമാക്കാമോ; | | ഇംഗ്ലീഷ് ആന്റ് ഫോറിൻ ലാംഗ്വേജ് യൂണിവേഴ്സിറ്റിയുടെ സഹകരണത്തോടെ സംസ്ഥാനത്ത് ഡിസ്ട്രിക്റ്റ് സെന്റർ ഫോർ ഇംഗ്ലീഷ് എന്ന പേരിൽ 4 കേന്ദ്രങ്ങൾ ആരംഭിച്ചു. തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ, കോഴിക്കോട് ജില്ലകളിലാണ് പ്രസ്തുത കേന്ദ്രങ്ങൾ പ്രവർത്തിച്ചിരുന്നത്. ഇപ്പോൾ പ്രസ്തുത കേന്ദ്രങ്ങൾ അതത് ജില്ലയിലെ ഡയറ്റുമായി ബന്ധിപ്പിച്ച് പ്രവർത്തിച്ചുവരുന്നു. |
| (സി) | പ്രസ്തുത കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ ഏതൊക്കെ രീതിയിൽ സ്കൂളുകളിലെ ഇംഗ്ലീഷ് ഭാഷാ പഠന നിലവാരം മെച്ചപ്പെടുത്താൻ ഉപകരിച്ചു എന്ന് വ്യക്തമാക്കാമോ; | (സി) | സ്കൂളുകളിലെ ഇംഗ്ലീഷ് ഭാഷാ പഠന നിലവാരം ഉയർത്താനായി നിരവധി പദ്ധതികൾ പ്രസ്തുത കേന്ദ്രങ്ങളുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ചിരുന്നു. ഇംഗ്ലീഷ് ഒളിമ്പ്യാഡ്, ഇംഗ്ലീഷ് കാർണിവെൽ തുടങ്ങിയ പരിപാടികളിലൂടെയും സമഗ്ര അധ്യാപക പരിശീലനത്തിലൂടെയും സർട്ടിഫിക്കറ്റ് കോഴ്സിലൂടെയും അധ്യാപനത്തിന്റെയും അധ്യയനത്തിന്റെയും ഉണ നിലവാരം ഉയർത്താൻ കഴിഞ്ഞു. |
| (ഡി) | കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ പ്രസ്തുത ഭാഷാ കേന്ദ്രങ്ങൾ എന്തൊക്കെ പ്രവർത്തനങ്ങൾ നടത്തിയെന്ന് വിശദമാക്കാമോ? | (ഡി) | കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ ഹൈസ്കൂൾ, പ്രൈമറി ഇംഗ്ലീഷ് അധ്യാപകർക്കായി ഓൺലൈൻ പരിശീലനം ഡിസ്ട്രിക്റ്റ് സെന്റർ ഫോർ ഇംഗ്ലീഷ് മുഖാന്തിരം നടത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ